LIBRARY ARCHIVES Kerala Legislative Assembly

## ഐ.എ.വൈ. ഭവനപദ്ധതി കരാറിലേർപ്പെട്ടവർക്ക് ധനസഹായം

26 (7323) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2012-13, 2013-14 വർഷങ്ങളിൽ ഐ.എ.വൈ. ഭവനപദ്ധതിക്കായി കരാറിലേർപ്പെട്ട് വീട്പണി തുടങ്ങി പൂർത്തിയായവർക്ക് ധനസഹായം മുഴുവനായി നൽകിയിട്ടുണ്ടോ ;

(ബി) എത്രപേരാണ് 2012-13, 2013-14 വർഷങ്ങളിൽ കരാറിലേർപ്പെട്ടതെന്നും എത്ര പേർ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) 2014-15 വർഷത്തിൽ ഐ.എ.വൈ. പദ്ധതിയിൽ എന്ത് തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ; എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) ഐ.എ.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതം കഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകളാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ ; സർക്കാർ ഇതിലേക്ക് പ്രത്യേക ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) 2012-13, 2013-14 വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിക്കായി കരാറിലേർപ്പെട്ട് വീട് പണി അനുവദിച്ചവർക്ക് കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാന വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ഭവന നിർമ്മാണ പുരോഗതി അനുസരിച്ച് ഗഡുക്കളായി നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിന്മേലുള്ള സർക്കാർ വിഹിതവും ചിലയിടങ്ങളിൽ ത്രിതല പഞ്ചായത്തുകൾ നീക്കിവയ്ക്കേണ്ട തുക പൂർണ്ണമായി വയ്ക്കാത്തതുകൊണ്ടും ധനസഹായം പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) കരാറിൽ ഏർപ്പെട്ടവർ

2012-13 - 42963

2013-14 - 42532

വീട്പണി പൂർത്തിയാക്കിയവർ

2012-13 - 30917

2013-14 - 15105

ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 വർഷത്തിൽ കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗത്തിലും 70,000 രൂപയാണ്. എന്നാൽ ഇത് സംസ്ഥാന സർക്കാർ എസ്.സി./ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് 2.5 ലക്ഷം രൂപയും നൽകിവരുന്നു. 2014-15 വർഷം തുകയൊന്നും വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റായ 70,000 രൂപയിൽ 17,500 രൂപ സംസ്ഥാന വിഹിതമാണ്. കൂടാതെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷവും 2.5 ലക്ഷവുമായി വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ 50,000 രൂപ സർക്കാർ വഹിക്കുന്നുണ്ട്. ബാക്കിയുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലാണ് നൽകുന്നത്.

### ഹാഡ നടപ്പിലാക്കുന്ന വർക്കുകൾ

27 (7324) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോങ്ങാട് മണ്ഡലത്തിൽ 'ഹാഡ'യിൽനിന്നും ഏതെല്ലാം വർക്കുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരം നൽകുമോ ; ഇപ്രകാരം അംഗീകാരം നൽകിയ വർക്കുകൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കരിമ്പ ഗ്രാമപഞ്ചായത്തിലെ മുടിക്കൽ കണ്ടം-പാത്തിപ്പാലം തോട് ചെക്ക്ഡാം, തുപ്പനാട് റിവർ - വെട്ടം വാലിക്കോട് ഏരിയ ചെക്ക്ഡാം, കരിമ്പിൻ തോട് യൂണിയൻ കടവ് ചെക്ക്ഡാം, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പഴം പച്ചക്കറി വികസന പദ്ധതി എന്നിവയാണ് ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന കോങ്ങാട് മണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ. ആയതിൽ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിലെ പഴം പച്ചക്കറി വികസന പദ്ധതിക്ക് 26.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

### ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെട്ട കൊടുവള്ളി മണ്ഡലത്തിലെ പഞ്ചായത്തുകൾ

28 (7325) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ കൊടുവള്ളി മണ്ഡലത്തിലെ എത്ര പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ പഞ്ചായത്തുകളിൽ ഇത് സംബന്ധമായ എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;